LIBRARY ARCHIVES Kerala Legislative Assembly

പൈക്ക, സൈമൽ പദ്ധതികൾ

286 (3108) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്പോർട്സ് വകുപ്പിന്റെ വിവിധ പദ്ധതികളായ പൈക്ക, സൈമൽ എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി ഏറനാട് മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് ; സ്വീകരിച്ച നടപടി എന്താണ്; വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഗ്രാമപഞ്ചായത്തിനെ 2008-09 വർഷത്തിലും ഉർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിനെ 2010-11 വർഷത്തിലും പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കർഹമായ ഒറ്റത്തവണ പ്രാരംഭ മൂലധന ഗ്രാന്റിന്റെ കേന്ദ്രവിഹിതം (75%) അനുവദിച്ചിട്ടുണ്ട്. ഈ തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സംസ്ഥാന വിഹിതം (25%) അനുവദിച്ച് നൽകുന്നതാണ്. കൂടാതെ ഈ മണ്ഡലത്തിലെ കാവനൂർ, കുഴിമണ്ണ, കീഴുപറമ്പ, ചാലിയാർ എന്നീ ഗ്രാമപഞ്ചായത്തുകൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സമർപ്പിച്ച അപേക്ഷ 2012-13 വർഷത്തെ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഏറനാട് മണ്ഡലത്തിന് സൈമൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽനിന്ന് സീതിഹാജി സ്റ്റേഡിയത്തിലേക്ക് ഒരു സിന്തറ്റിക് ടർഫ്ഫിൻ നിർമ്മിക്കുന്നതിനുവേണ്ടി അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ 35-ാമത് ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2014-15-ൽ ഈ വകുപ്പിൽ ലഭിച്ച ഫണ്ട് ദേശീയ ഗെയിംസ്

നടത്തിപ്പിനുവേണ്ടി ഉപയോഗിക്കേണ്ടി വന്നതിനാൽ സൈൽ പദ്ധതി ടി സാമ്പത്തിക വർഷം നടത്തേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നതിനാൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നില്ല.

(സി) 2008-09 വർഷംമുതൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ 400 ഗ്രാമപഞ്ചായത്തുകൾക്കും 57 ബ്ലോക്ക് പഞ്ചായത്തുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അർഹമായ ഒറ്റത്തവണ പ്രാരംഭമൂലധന ഗ്രാന്റ് അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1,2,3,4,-ൽ ചേർത്തിരിക്കുന്നു.*

പ്രസ്തുത ഗ്രാന്റ് പൈക്ക പദ്ധതി പ്രകാരമുള്ള മാർഗ്ഗരേഖകൾ പ്രകാരം ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ പൈക്ക സെന്ററായി തെരഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളിലോ, സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ, എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകളിൽ ഭൂമി നിരപ്പാക്കൽ, ഗ്രൗണ്ടിൽ വെള്ളംകെട്ടി നിൽക്കാതിരിക്കുവാനുള്ള സംവിധാനം ഒരുക്കൽ, കളിസ്ഥലത്തിന് ചുറ്റും റീടെയിനിംഗ് വാൾ നിർമ്മിക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ടോയ്ലറ്റ് സംവിധാനം, അത്ലറ്റിക് ട്രാക്ക്, ലോംഗ് ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ), ഹൈ ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ) വിവിധയിനം കായിക പരിശീലനത്തിനാവശ്യമായ കോർട്ടുകൾ നിർമ്മിക്കുക, അവശ്യാവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുക എന്നീ പദ്ധതികൾക്കായി വിനിയോഗിച്ചു കൊണ്ടിരിക്കുന്നു.

സൈൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും കായിക യുവജന കാര്യാലയത്തിന്റെയും വിവിധ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വെവ്വേറെ ലിസ്റ്റ് അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.*

കേരള സ്പോർട്സ് ആക്ട്

287 (3109) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly